## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 784 — 24.07.2012-ൽ മറുപടിയ്ക്ക്

### ചന്ദനമരങ്ങളുടെ സംരക്ഷണം

| *ചോദ്യം* | | *ഉത്തരം* | |
|---|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്:<br>ശ്രീ. കെ. രാധാകൃഷ്ണൻ:<br>ശ്രീ. ബി. സത്യൻ:<br>ശ്രീ. പി. റ്റി. എ. റഹീം: | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ചന്ദന മരങ്ങളുടെ മോഷണം തടയുന്നതിനും അവയുടെ സംരക്ഷണത്തിനുമായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ചന്ദനക്കേസ് അന്വേഷണം ഊർജിതപ്പെടുത്തുന്നതിലേക്കായും വാഹനങ്ങളിലൂടെയുള്ള ചന്ദനക്കടത്ത് ഫലവത്തായി നിയന്ത്രിക്കുന്നതിലേക്കും മറയൂർ ആസ്ഥാനമാക്കി ചന്ദന ഡോഗ് സ്ക്വാഡിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സംരക്ഷണ ജീവനക്കാരുടെ സഞ്ചാരം, ചന്ദനമോഷണം അടക്കമുള്ള സംഭവങ്ങളുടെ നിരീക്ഷണം എന്നിവയ്ക്കായി പരീക്ഷണാടിസ്ഥാനത്തിൽ പി.ഡി.എ-(Personal Digital Assistants) കൾ അനുവദിച്ചു നൽകുകയുണ്ടായി. ചന്ദനമരങ്ങളിൽ ഇലക്ട്രോണിക് ചിപ്പുകൾ ഘടിപ്പിക്കുകയും മരം മുറിച്ചാൽ അപ്പോൾ തന്നെ സെൻസർ മുഖേന ഉടൻ കണ്ടെത്തുവാനും പ്രദേശത്തുള്ള ഉദ്യോഗസ്ഥർക്കെല്ലാം എസ്.എം.എസ്. മുഖാന്തിരം തൽസമയം തന്നെ അറിയിപ്പ് ലഭ്യമാക്കുവാനും കഴിയുന്ന സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിച്ചുവരുന്നുണ്ട്. |
| (ബി) | സർക്കാരിന്റെ ആഭിമുഖ്യത്തിൽ ചന്ദന ഫാക്ടറി തുടങ്ങുവാൻ എന്തെങ്കിലും നിർദ്ദേശം ഇപ്പോൾ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ചന്ദന മരങ്ങൾ മോഷണം പോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന മൊട്ടാകെ 279 ചന്ദനമരങ്ങൾ മോഷണം പോയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 115 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ 79 പ്രതികളെ അറസ്റ്റ് ചെയ്യുകയും 41 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ജ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബാക്കി കേസ്സുകളിൽ അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ.